KERALA KAUMUDI 02-09-2024

# സിഫ്റ്റിൽ ദേശീയ സെമിനാർ

കൊച്ചി: കേന്ദ്ര മത്സ്യ സാങ്കേതിക ഗവേഷണ സ്ഥാപനമായ ഐ.സി.എ.ആർ സിഫ്റ്റും സൊസൈറ്റി ഒഫ് ഫിഷറീസ് ടെക്നോളജിസ്റ്റ് ഇന്ത്യയും (സോഫ്ടി) സഹകരിച്ച് 'അക്വാ ഫുഡ് എക്സലൻസ് മത്സ്യസംസ്കരണ രംഗത്തെ നൂതന ആശയങ്ങൾ' എന്ന വിഷയത്തിൽ ഇന്നു മുതൽ നാലുവരെ ദേശീയ സെമിനാർ സംഘടിപ്പിക്കും. സിഫ്റ്റിൽ നടക്കുന്ന സെമിനാർ ഇന്ന് വൈകിട്ട് 3.30ന് മന്ത്രി പി. രാജീവ് ഉദ്ഘാടനം ചെയ്യും. ഡോ. ബി.കെ. ബെഹ്റ, എ.ആർ.എസ്, പവൻ കുമാർ ജി. തുടങ്ങിയവർ പങ്കെടുക്കും. സൊസൈറ്റി ഒഫ് ഫിഷറീസ് ടെക്നോളജിസ്റ്റ്സ് ഇന്ത്യ (സോഫ്ടി) 2021 വർഷത്തിലെ സോഫ്ടി അവാർഡ് ജേതാവ് പ്രൊഫ. ഡോ. ബി. മധുസൂദന കുറുപ്പിന് പുരസ്കാരം സമ്മാനിക്കും.